## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 159 — 28.10.2019-ൽ മറുപടിക്ക്

**മാധ്യമപ്രവർത്തകൻ ബഷീറിനെ കൊലപ്പെടുത്തിയ സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മാധ്യമപ്രവർത്തകൻ ബഷീറിനെ കാറിടിച്ച് കൊലപ്പെടുത്തിയ ഐ.എ.എസ്. ഓഫീസർ ശ്രീ.ശ്രീറാം വെങ്കട്ടരാമൻ സംഭവം നടക്കുമ്പോൾ മദ്യലഹരിയിലായിരുന്നു എന്ന് സ്ഥാപിക്കുന്നതിനുതകുന്ന തെളിവുകളും സാക്ഷിമൊഴികളും ലഭിച്ചിട്ടുണ്ടോ; | (എ) കേസ് അന്വേഷണഘട്ടത്തിലാണ്. തെളിവുകളും, സാക്ഷിമൊഴികളും ശേഖരിച്ചു വരുന്നു. |
| (ബി) കാറോടിച്ചിരുന്ന സമയത്ത് അദ്ദേഹം മദ്യലഹരിയിലായിരുന്നു എന്ന് അപകടം നടന്ന സ്ഥലത്ത് വച്ചുതന്നെ വെളിവായിട്ടും, ഉടൻ തന്നെ അദ്ദേഹത്തെ രക്ത പരിശോധനയ്ക്ക് വിധേയനാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) രക്ത പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ വീഴ്ചവരുത്തിയതിന് ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് |
| (സി) അപകടം നടന്ന് ഒൻപത് മണിക്കൂർ കഴിഞ്ഞ് രക്തപരിശോധന നടത്തുകവഴി പ്രതിക്ക് അനുകൂലമായ ശാസ്ത്രീയ തെളിവ് പോലീസ് സൃഷ്ടിക്കുകയും അതിലൂടെ കേസ് തന്നെ ദുർബ്ബലമാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ടോ; | (സി) കേസിന്റെ വിജയത്തിന്, പ്രോസിക്യൂഷന് ആവശ്യമായ തെളിവുകൾ ശേഖരിച്ചു വരുന്നുണ്ട്. |
| (ഡി) എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) അന്വേഷണത്തിന്റെ ഭാഗമായി മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജയപ്രകാശിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും വാചകീയാന്വേഷണം ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ